കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി9-62/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ – 688011

തീയതി. 10.01.2019

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം :ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി9-62/19 തീയതി – 10.01.2019

## ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21.5.2017മുതൽ 31.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.11.2018 മുതൽ<br>30.11.2018 വരെ | ശ്രീ. ആർ. രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. പുഷ്പരാജ്. വി. കെ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. റ്റി. എം. റോയ്, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി. പി. കെ. ലേഖ, ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. പി. ആർ. ഹരിക്കുട്ടൻ | 01.04.2017 മുതൽ 31.03.2018 വരെ |

2. സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. പി. സാബു | 01.04.2017 മുതൽ 31.03.2018 വരെ |

(സി) സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം

| ക്രമ നം. | പേര് | സ്റ്റാന്റിംഗ് കമ്മറ്റി | കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി. പ്രസീത വിനോദ് | ധനകാര്യം | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | ശ്രീ. ടോമി ഉലഹന്നാൻ | വികസനകാര്യം | 1.4.2017 മുതൽ 31.03.2018 വരെ |
| 3 | ശ്രീ. പി. ജി. മോഹനൻ | ആരോഗ്യ വിദ്യാഭ്യാസം | 1.4.2017 മുതൽ 31.03.2018 വരെ |
| 4 | ശ്രീമതി. മഞ്ജു സുധീർ | ക്ഷേമകാര്യം | 01.04.2017 മുതൽ 31.03.2018 വരെ |

3. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | എലിസബത്ത്. സി. എക്സ് | 1.4.2017മുതൽ 31.3.2018 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീ. ഡി. ശിവദാസൻ | 1.4.2017 മുതൽ 31.12.2017 വരെ |
| | | ശ്രീമതി.ഇന്ദു. കെ. പോൾ | 1.1.2018 മുതൽ 01.02.2018 വരെ |
| | | ശ്രീമതി. അനു. ആർ.നായർ | 1.2.2018 മുതൽ 23.2.2018 വരെ |
| | | ശ്രീമതി. ആശ. എ. നായർ | 23.02.2018 മുതൽ 31.03.2018 വരെ |
| 3 | വെറ്റിനറി സർജൻ | ഡോ. രമേഷ്. കെ | 1.4.2017 മുതൽ 18.7.2017 വരെ |
| | | ഡോ. അജിത് ബാബു | 19.7.2017 മുതൽ 30.11.2017 വരെ |
| | | ഡോ. ജിയോ | 1.12.2017 മുതൽ 31.03.2018 വരെ |
| 4 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സൗമ്യ | 01.04.2017 മുതൽ 17.11.2017വരെ |
| | | ശ്രീ. സതീഷ് | 18.11.2017മുതൽ 31.03.2018 വരെ |
| 5 | വി.ഇ.ഒ-ഒറ്റപ്പന്ന | ശ്രീ. സൽമോൻ | 01.04.2016 മുതൽ 17.07.2017 വരെ |
| | | ശ്രീ. അരുൺ | 18.07.2017 മുതൽ 20.07.2018 വരെ |
| 6 | വി.ഇ.ഒ-തിരുനെല്ലൂർ | ശ്രീമതി. താരാദേവി | 01.04.2017 മുതൽ 17.07.2017 വരെ |
| | | ശ്രീമതി. സേഫുന്നിസ | 18.07.2017മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. അഞ്ജു. എം. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ. ഷൈമ. എം. എസ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റംലത്ത് ബീവി | 01.04.2017 മുതൽ 10.6.2017 വരെ |
| | | ജെയിംസ്. പി. ജോയ് | 11.06.2017 മുതൽ 31.03.2018 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പ്രമീള | 01.04.2017മുതൽ 31.3.2018വരെ |
| 11 | ഹെഡ്മാസ്റ്റർ | ശ്രീമതി. മിനി. എൻ. സി | 01.04.2017 മുതൽ 31.03.2018 വരെ |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. പൊന്നമ്മ പോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സതീശൻ. കെ. വി | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വെറ്ററിനറി ഡോക്ടർ പഞ്ചായത്തിൽ നിന്നും കൈപറ്റിയിരിക്കുന്ന രസീതുബുക്കുകൾ ഉപയോഗിച്ചതിലെ അപാകതകൾ |
| 3 | 2-2 | വസ്തുനികുതി നിർണ്ണയത്തിലെ പോരായ്മകൾ |
| 4 | 2-3 | കെട്ടിട വാടക ഈടാക്കുന്നതിലെ അപാകതകൾ |
| 5 | 2-4 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ |
| 6 | 2-5 | ഡി & ഒ ലൈസൻസ് അപാകതകൾ |
| 7 | 2-6 | ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ ലഭിക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല. |
| 8 | 2-7 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം – 3 | | |
| 9 | 3-1 | നെൽകൃഷി വികസനം-സബ്സിഡി മാർഗരേഖ ലംഘിച്ച് തുക നല്കി. |
| 10 | 3-2 | നാളികേര നഴ്സറി- ജില്ലാതല യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടിയ തുക ചെലവഴിച്ചു. |
| 11 | 3-3 | അംഗൻവാടിയിലേക്ക് ഫാൻ, ഗ്യാസ് സ്റ്റൗ വാങ്ങൽ- കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല – നഷ്ടം സംബന്ധിച്ച്. |
| 12 | 3-4 | കുടിവെള്ള ബോട്ടിലുകൾ വാങ്ങൽ- കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല -നഷ്ടം സംബന്ധിച്ച്. |
| 13 | 3-5 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 14 | 3-6 | വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ -- കരാറിലേർപ്പെടാതെ തുക കൈമാറി, പ്രവൃത്തി ആരംഭിച്ചില്ല. |
| 15 | 3-7 | സാന്ത്വന പരിചരണ പദ്ധതി -- വിതരണം ചെയ്യാത്ത മരുന്നിന്റെ വില തടസ്സപ്പെടുത്തുന്നു. |

| | | |
|---|---|---|
| 16 | 3-8 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ -- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 17 | 3-9 | വ്യക്തികൾക്ക് തെങ്ങ് കയറ്റ യന്ത്രം -സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധം. |
| 18 | 3-10 | ബാരൽ വില ഈടാക്കിയില്ല-പഞ്ചായത്തിന് നഷ്ടം. |
| 19 | 3-11 | യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്ത കരാറുകാരനിൽ നിന്നും-ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച് |
| ഭാഗം – 4 | | |
| 20 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 21 | അനുബന്ധം - I | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 22 | അനുബന്ധം -II | RP സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് (സംക്ഷിപ്തം) |
| 23 | അനുബന്ധം- III | 09.11.2018, 18.11.2017 തീയതികളിലെ യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ വിവരം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 26.03.2017 ലെ I(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പഞ്ചായത്ത് കമ്മറ്റി പാസ്സാക്കി. അംഗീകൃത ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 144689583 | 144941966 |
| രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം | 70797233 | 67685375 |

രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇ.എഫ്.എം.എസ് വഴിയുള്ള തൊഴിലുറപ്പ് വേതനം, ഡി.ബി.റ്റി മുഖേന നല്കിയ ക്ഷേമ പെൻഷനുകൾ എന്നിവയുടെ വരവ് ചെലവ് തുക ഉൾപ്പെടെയുള്ള കണക്ക് നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 07.06.2018 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12089990 |
| വരവ് | 70797233 |
| ആകെ | 82887223 |
| ചെലവ് | 67685375 |
| നീക്കിയിരിപ്പ് | 15201848 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19462000 | 19462000 | 16578644 | 2883356 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6455056 | 6455056 | 6434448 | 20608 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 242901 | 242901 | 202100 | 40801 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 4073242 | 4073242 | 3914916 | 158326 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 4545197 | 4545197 | 4519267 | 25930 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9199085 | 9199085 | 9195057 | 4028 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 2377679 | 2377679 | 2377679 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 336919 | 2455302 | 2792221 | 117130 | 2675091 |
| റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 5853313 | 9931000 | 15784313 | 13280216 | 2504097 |
| റ്റി.എസ്.ബി (ജോയന്റ് വെഞ്ച്വർ) | 70465 | 1974550 | 2045015 | 1253878 | 791137 |
| സാക്ഷരത | 74294 | 19264 | 93558 | 22500 | 71058 |
| ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്. | 117 | | 117 | 117 | - |
| ഇ-പേയ്മെന്റ് അക്കൗണ്ട്. | | 16642 | 16642 | | 16642 |
| എൻ.ആർ.ഇ.ജി.എസ് | 3357 | 762905 | 766262 | 762430 | 3832 |
| തനത് ഫണ്ട്.പിഎൻബി ഗ്രാന്റ് | 144733 | 280000 | 424733 | 82 | 424651 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ട് (ക്യാഷ്) | 357454 | 270717 | 628171 | 357454 | 270717 |
| എഡിസിബി | 5249338 | 11864742 | 17114080 | 8669457 | 8444623 |

## 1-6 പദ്ധതി അവലോകനം

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|---|
| ഉത്പാദനം | 28 | 12482652 | 25 | 1280170 | 0 | 3 | 73 |
| സേവനം | 82 | 184563704 | 66 | 21966444 | | 16 | 83 |
| പശ്ചാത്തലം | 89 | 21361585 | 74 | 6413457 | 0 | 15 | 94 |
| ആകെ | 199 | 218407941 | 165 | 29660071 | 34 | | |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3357 | 762905 | 766262 | 762430 | 3832 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 19036570 | 19036570 | 19036570 | 0 |
| | 3357 | 19799475 | 19802832 | 19799000 | 3832 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 371280 | 705 |
| കർഷകതൊഴിലാളി പെൻഷൻ | 3520500 | 392 |
| വിധവാപെൻഷൻ | 9358000 | 876 |
| വാർദ്ധക്യകാലപെൻഷൻ | 32168400 | 3165 |
| വികലാംഗപെൻഷൻ | 5041100 | 438 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 662400 | 72 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2018 3.00 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6768/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിൽ ഗുരുതരമായ പിഴവുകൾ നിലനിൽക്കുന്നു. സെക്രട്ടറി ഉൾപ്പെടെയുള്ള ചില ജീവനക്കാരുടെ സാങ്കേതിക പരിജ്ഞാനക്കുറവ് മുതലെടുത്ത് പഞ്ചായത്തിലെ താൽക്കാലിക ജീവനക്കാരനായ ടെക്നിക്കൽ അസിസ്റ്റന്റ് പ്രസ്തുത ജീവനക്കാരുടെ യൂസർ നെയിം, പാസ്സ് വേഡ് എന്നിവ ദുരുപയോഗം ചെയ്ത് കെട്ടിടനികുതി മുതലായ തന്ത്രപ്രധാനമായ സീറ്റുകളിലെ വിവരങ്ങളിൽ മാറ്റം വരുത്തുന്നതായും

ജീവനക്കാർ ഇല്ലാത്ത സമയത്ത് അവരുടെ സെക്ഷനുകളിലെ ഫയലുകൾ പരിശോധിക്കുന്നതായും പൊതുജനങ്ങളെ സ്വാധീനിക്കുന്നതായും ഹെഡ് ക്ലാർക്ക് പരാതിപ്പെടുകയുണ്ടായി. ഇതേ തുടർന്ന് ടിയാന് 24.4.2017ൽ മെമ്മോ നൽകുകയുണ്ടായി. സെക്രട്ടറി, ഹെഡ് ക്ലാർക്ക് എന്നീ ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവ് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും ഇതിൽ എല്ലാവരും ഒരേപോലെ കുറ്റക്കാരാണെന്നും നിരീക്ഷിച്ചുകൊണ്ട് ഇതുസംബന്ധിച്ച നടപടികളെല്ലാം അവസാനിപ്പിക്കുന്നതിനാണ് 11.5.2017ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. ഈ വിഷയത്തിൽ ഡി.ഡി.പി ഓഫീസിൽ നിന്നും അന്വേഷണങ്ങൾ ഉണ്ടായെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചതായ വിവരങ്ങൾ ഒന്നും ഫയലിൽ നിന്നും ലഭ്യമല്ല. പഞ്ചായത്തിന്റെ വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളിന്മേൽ മാറിമാറി വരുന്ന സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ പരിചയക്കുറവ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ വീണ്ടും ആവർത്തിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. കൂടാതെ സൂചിക സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിൽ ജീവനക്കാർ വളരെയധികം വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. 30.11.2018 ലെ പരിശോധനയിൽ സൂചിക പ്രകാരം 11,335 തപാലുകൾ പഞ്ചായത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു. തീർപ്പാക്കുന്ന ഫയലുകൾ സൂചികയിൽ രേഖപ്പെടുത്താത്തതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഫയലുകൾ സംബന്ധിച്ച് മാനുവൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ഏതെല്ലാം ഫയലുകളാണ് കുടിശ്ശിക എന്നറിയുവാൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച വിശദമായ പരിശോധന നടത്തണമെന്ന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2018 | 01.09.2018 മുതൽ 30.02.2018 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.10.2016 | 2011-12 മുതൽ 2015-16 വരെ | -- |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വെറ്ററിനറി ഡോക്ടർ പഞ്ചായത്തിൽ നിന്നും കൈപറ്റിയിരിക്കുന്ന രസീതുബുക്കുകൾ ഉപയോഗിച്ചതിലെ അപാകതകൾ

വെറ്ററിനറി സർജൻ പഞ്ചായത്തിൽ നിന്നും സ്വീകരിച്ച രസീതുകൾ ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം കൈപ്പറ്റിയതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

1. രസീത് നമ്പറിന്റെ ക്രമത്തിലല്ലാതെ പ്രോജക്ട് അടിസ്ഥാനത്തിൽ കളക്ഷൻ രജിസ്റ്റർ എഴുതുന്നു
2. രസീതുകളിൽ തുക കൈപ്പറ്റുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല.
3. ഗുണഭോക്തൃവിഹിതം കൈപ്പറ്റിയത് പഞ്ചായത്തിൽ അടവാക്കിയതിൽ കാലതാമസം

| ക്രമ നം. | രസീത് ബുക്ക് നം. | തീയതി | തുക | അടവാക്കിയ രസീത് നം/ തീയതി |
|---|---|---|---|---|
| 1 | 15034/42-56 | 15.2.2018 | 7250 | 117030104125/16.3.2018 |
| 2 | 57-72 | 16.2.2018 | 6750 | |
| 3 | 73-100 | 19.2.2018 | 20750 | |
| 4 | 15035/1 | ,, | 500 | |

| | | | |
|---|---|---|---|
| 5 | 2-21 | 20.2.2018 | 14250 |
| 6 | 22-31 | 21.2.2018 | 4750 |
| 7 | 31-37 | 22.2.18 | 2250 |
| 8 | 38-42 | 23.2.18 | 2250 |
| 9 | 43-53 | 24.2.18 | 15500 |
| 10 | 54-58 | 26.2.18 | 2000 |
| 11 | 59-63 | 27.2.18 | 13000 |
| 12 | 64-78 | 28.2.18 | 12000 |
| 13 | 79-100 | 1.3.18 | 9250 |
| 14 | 15042/1-9 | 2.3.18 | 6750 |
| 15 | 10-19 | 3.3.18 | 4500 |
| 16 | 20-52 | 5.3.18 | 14750 |
| 17 | 53-64 | 6.3.18 | 5250 |
| 18 | 65-100 | 7.3.18 | 22750 |
| 19 | 15043/1-21 | 8.3.18 | 8750 |
| 20 | 22-79 | 9.3.18 | 36500 |
| 21 | 80-100 | 12.3.18 | 27000 |
| 22 | 15044/1-10 | 16.3.18 | 10000 |
| | ആകെ | | 246750 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, അദ്ധ്യായം 2 ആർട്ടിക്കിൾ 7(2), (3) എന്നിവ പ്രകാരം 500/- രൂപയിൽ കുറയാത്ത തുക തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ അടവാക്കേണ്ടതാണ്. പണം പിരിവ്, അടവാക്കൽ എന്നിവയെ സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2-2 <u>വസ്തുനികുതി നിർണ്ണയത്തിലെ പോരായ്മകൾ</u>

പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 90/-രൂപയും, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 50/-രൂപയും, 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 30/-രൂപയുമാണ്. ഒരു ഷോപ്പിംഗ് കോംപ്ലക്സിനെ ഒരു കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിക്കുന്നതിന് പകരം അതിലെ വിവിധ കടമുറികളെ 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് ഓരോ വർഷവും വലിയ തോതിൽ വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | ജോസ്, തൈവേലിക്കകത്ത്, പള്ളിപ്പുറം | 5/589A മുതൽ 589D വരെ 4 കടമുറികൾ | 109.3 |
| 2 | ജോജി ജോസ്, ഓന്തിരിയ്ക്കൽ, പള്ളിപ്പുറം. | 5/590J മുതൽ 590P വരെ 7 കടമുറികൾ | 136.49 |
| 3 | ജോഷി ജോൺ, ഓന്തിരിയ്ക്കൽ, പള്ളിപ്പുറം. | 6/311A മുതൽ 311F വരെ 4 കടമുറികൾ | 118 |
| 4 | ജോമോൻ ജോസഫ് | 8/45A മുതൽ 45J വരെ 8 കടമുറികൾ | 164.39 |
| 5 | പി.എം മാത്യു, പുത്തൻവെളിയിൽ, കെ.ആർ പുരം. | 9/33A മുതൽ 33E വരെ 5 കടമുറികൾ | 202.8 |
| 6 | ബ്ലോസം, പുതിയേടത്ത്, തിരുനെല്ലൂർ | 10/1A മുതൽ 1Q വരെ 17 കടമുറികൾ | 450.5 |
| 7 | വി.എസ് രാജൻ, വെളിയിൽ തിരുനെല്ലൂർ. | 10/7A മുതൽ 7G വരെ 7 കടമുറികൾ | 126.83 |
| 8 | ജോസഫ് & ത്രേസ്യാമ്മ, ഉണ്ണിയേഴത്ത്, തിരുനെല്ലൂർ. | 10/77A മുതൽ വരെ 77F 6 കടമുറികൾ | 127.37 |
| 9 | സി.കെ ചന്ദ്രബോസ്, ചാലിത്തറ, തിരുനെല്ലൂർ. | 12/29A മുതൽ 29F വരെ 6 കടമുറികൾ | 108.57 |

ഒരു ഉടമയുടെ പേരിലുള്ള ഒരേ ആവശ്യത്തിന് (വാണിജ്യം) ഉപയോഗിച്ച വരുന്ന ഇത്തരം കെട്ടിടങ്ങളുടെ നികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ മുറികളുടേയും നികുതി പ്രത്യേകം കണക്കാക്കുന്നതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്. സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നികുതി നിർണ്ണയം പരിഷ്കരിക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. മേൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ ആകെ വിസ്തീർണ്ണത്തിന് ആനുപാതികമായ നിരക്കിൽ ഓരോ കടമുറികളുടേയും വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട വാടക ഈടാക്കുന്നതിലെ അപാകത

കെട്ടിട വാടകയിൻമേൽ ആദായനികുതി ഈടാക്കുന്നു

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനുള്ളിലെ IV/118 D നം. കെട്ടിടം പഞ്ചായത്ത്, പഞ്ചാബ് നാഷണൽ ബാങ്കിന് വാടകയ്ക്ക് നൽകിയിട്ടുണ്ട്. 19.7.2014 ൽ ഉണ്ടാക്കിയ കരാറിൽ 15 വർഷത്തേയ്ക്കാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. കരാർ പ്രകാരം 01.08.2014 മുതൽ 31.07.2018 വരെ 13510/- രൂപയും പിന്നീടുള്ള 5 വീതം വർഷങ്ങളിൽ 15% വർദ്ധനവുമാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ 8/2017 മുതലുള്ള വാടകയിൽ ആദായനികുതി കുറവ് ചെയ്തിട്ടുള്ള തുകയാണ് ബാങ്ക് അടവാക്കിയിരിക്കുന്നത്. 1961 ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 1020 പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ (ലോക്കൽ അതോറിറ്റിസ്) വരുമാനത്തിൽനിന്നും ആദായനികുതി ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ വാടകയിൽ കുറവ് വന്ന 17563/- രൂപ ബാങ്കിൽ നിന്നും ഈടാക്കേണ്ടതാണ്. 8/2017മുതൽ അതാത് മാസങ്ങളിലെ വാടക അടവാക്കിയിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം | മാസം | രസീത് നം/തീയതി | വാടക | അടച്ച തുക | കുറവ് വന്നതുക |
|---|---|---|---|---|---|
| 1 | 8/2017 | 11703040022/12.1.2018 | 13510 | 10808 | 2702 |
| 2 | 9/17 | 11703040023/12.1.2018 | 13510 | 10808 | 2702 |
| 3 | 10/2017 | 11703040024/12.1.2018 | 13510 | 10808 | 2702 |
| 4 | 11/2017 | 11703040025/12.1.2018 | 13510 | 10808 | 2702 |
| 5 | 12/2017 | 11703040026/12.1.2018 | 13510 | 10808 | 2702 |
| 6 | 1/2018 | 11703050046/1.3.2018 | 13510 | 12159 | 1351 |
| 7 | 2/2018 | 11803040001/5.4.2018 | 13510 | 12159 | 1351 |
| 9 | 3/2018 | 11803040002/5.4.2018 | 13510 | 1215 | 1351 |
| | | ആകെ | | | 17563 |

വാടക കുടിശ്ശിക പിഴ സഹിതം ഈടാക്കുവാൻ കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ സാധിക്കുന്നുമില്ല. വാടക എല്ലാ മാസവും സമയബന്ധിതമായി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിൽ നിന്നും അതാത് മാസത്തെ വാടക അടവാക്കിയിരിക്കുന്നതിൽ വളരെയധികം കാലതാമസം ഉണ്ടായിട്ടുള്ളതായി കാണുന്നു.

## 2-4 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2017-18 സാമ്പത്തികവർഷത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് ജീവനക്കാരുടെ 1-ാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ ഫയലിൽ ലഭ്യമല്ല. ഇത് രജിസ്റ്ററിൽ ഡിമാന്റ് ചെയ്തിട്ടുമില്ല.
2. 2-ാം അർദ്ധ വർഷത്തിൽ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ്, ഡ്രൈവർ എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല
3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചൂഴിക്കാട്ട് ഫ്യുവൽസ് എന്ന പെട്രോൾ പമ്പിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ അടവാക്കുകയോ ചെയ്തതിട്ടില്ല .
4. താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | നഷ്ടതുക |
|---|---|---|

| | | |
|---|---|---|
| 1 | മാവേലി സ്റ്റോർ, ഒറ്റപ്പന്ന | 2500 |
| 2 | തിരുനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് നം. 1250 | 2500 |
| 3 | പള്ളിപ്പുറം വില്ലേജ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം. 335 | 2500 |
| 4 | കുമാരപുരം ക്ഷീരോൽപ്പാദക സഹകരണ സംഘം നം. 202 | 2500 |
| 5 | ജില്ലാ സഹകരണ ബാങ്ക്, ഒറ്റപ്പന്ന | 2500 |
| | ആകെ | 12500 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 11/29.11.2018 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് അപാകതകൾ

1. പഞ്ചായത്തിലെ 7-ാം വാർഡിൽ ലിൻസൺ. എം. ഡോമിനിക്കിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന എൽ.പി.ജി ബോട്ടിലിംഗ് പ്ലാന്റ് 2107-18 വർഷത്തിൽ ലൈസൻസ് എടുക്കാതെ പ്രവത്തിച്ചതായി കാണുന്നു.
2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകളിൽ അടുത്തടുത്ത് സ്ഥിതി ചെയ്യുന്നവയിൽ നിന്നുപോലും വ്യത്യസ്ഥ തുകകളാണ് ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നത്.

| നം. | പേര്/വിലാസം | ലൈസൻസ് | തുക |
|---|---|---|---|
| 1 | സുബദ്രാംബിക ഉപേന്ദ്രൻ, തിരുനല്ലൂർ. പി. ഒ. | പെട്രോളിയം, ഡീസൽ വിൽപ്പന | 2000/- |
| 2 | ഹരീഷ്. എസ്, തിരുനല്ലൂർ.പി.ഒ | ,, | 1000/- |
| 3 | ധന്യ ബോബൻ, വെളിയിൽ, തൈക്കാട്ടുശ്ശേരി. | ,, | 1500/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 12/29.11.2018) നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ ഉയർന്ന വിറ്റുവരവ് ലഭിക്കുന്നതാകയാൽ യഥാർത്ഥ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് വാങ്ങേണ്ടതാണ്. കൂടാതെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ ലഭിക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും(ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ നാളിതു വരെയായും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. തന്മൂലം ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് പോകുന്നത്. ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുക അതത് സ്ഥാപനത്തിന് അർഹമായ തുക തരംതിരിച്ച് നല്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദേശം നല്കിയിട്ടുള്ളത്. ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തിനാൽ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന തുക യഥാസമയം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. അടിയന്തിരമായി അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഓഡിറ്റ് ഇംപാക്ട്

1. രസീത് ബുക്ക് 15025 ലെ രസീത് നം. 88 പ്രകാരമുള്ള 310/- രൂപ അടവാക്കാതിരുന്നത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 22.11.2018 ൽ 118030102132 പ്രകാരം അടവാക്കിയിട്ടുണ്ട്.
2. വെറ്റിനറി സർജൻ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് ഉപയോഗിച്ച രസീതുബുക്കുകൾ പ്രകാരം അടവിൽ കുറവ് വന്ന തുകയായ 1000/- രൂപ രസീത് നം. 118030102340 പ്രകാരം 29.11.2018 ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നെൽകൃഷി വികസനം-സബ്സിഡി മാർഗരേഖ ലംഘിച്ച് തുക നൽകി

പ്രോജക്ട് നം. : എസ്0020/18

പ്രോജക്ടിന്റെ പേര് : നെൽകൃഷി വികസനം

അടങ്കൽ : വികസന ഫണ്ട് - 89875/- രൂപ

ഗുണഭോക്തൃ വിഹിതം : 4625/- രൂപ

ആകെ : 94500/- രൂപ

ചെലവ് : 69884/- രൂപ

1. ട്രഷറി ബിൽ നം. 1, തീ. 22.09.2017- 52,000/- രൂപ
2. ട്രഷറി ബിൽ നം. 2, തീ. 22.09.2017- 1,884/- രൂപ
3. ട്രഷറി ബിൽ നം. 3, തീ. 30.10.2017- 16,000/- രൂപ
4. ഗുണ. വിഹിതം (ചെക്ക് നം. ലഭ്യമല്ല) – 656/- രൂപ

ആകെ – 70540/- രൂപ)

നെൽകൃഷി വികസനം എന്ന പദ്ധതിക്കായി 70540/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന രണ്ടാമത്തെ ട്രഷറി ബിൽ പ്രകാരം മാറിയിട്ടുള്ള പതിനാറായിരം രൂപയിൽ പതിനാലായിരം രൂപ സതീശൻ. പി. സി എന്നയാൾക്ക് നെൽവിത്ത് വാങ്ങിയതിന്റെ വിലയായി നല്കിയതായി (അക്കൗണ്ട് നം. 67156006825) കാണുന്നു. സർക്കാർ ഉത്തരവ് (എം.എസ്) നം. 80/2017/ത.സ്വ.ഭ.വ തീ.03.04.2017 ഖണ്ഡിക 8.1 ക്രമ നം. 3 പ്രകാരം നെൽവിത്ത് ഉൾപ്പെടെയുള്ളവയ്ക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 3500/- രൂപയാണ്. പ്രസ്തുത നിർദേശങ്ങൾ ഭേദഗതി ചെയ്തു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ (സർക്കാർ ഉത്തരവ് (സാധാ) നം. 2771/2017 /ത.സ്വ.ഭ.വ, തീ. 10.08.2017) കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും നെൽവിത്ത് വാങ്ങുകയാണെങ്കിൽ 2 ഹെക്ടർ വരെ സ്ഥലമുള്ള കർഷകർക്ക് 3500/- രൂപ പരിധി ബാധകമാക്കാതെ നെൽവിത്തിന്റെ നിലവിലെ വില തന്നെ സബ്സിഡിയായി നല്കാമെന്ന് പറഞ്ഞിരിക്കുന്നു. മേൽ ബിൽ പ്രകാരം നെൽവിത്തിന്റെ വിലയായി പതിനാലായിരം രൂപ കൈപ്പറ്റിയ ശ്രീ. സതീശൻ. പി. സി ചേർത്തല

മായിത്തറയിലുള്ള പ്രകാശൻ എന്ന വ്യക്തിയിൽ നിന്നമാണ് വിരിപ്പ് നെൽവിത്ത് വാങ്ങിയിട്ടുള്ളത്. ശ്രീ. സതീശൻ. പി. സി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നിന്നും അല്ല നെൽവിത്ത് വാങ്ങിയതെന്നുള്ളതിനാൽ അനുവദനീയമായ പരമാവധി സബ്സിഡി 3500/- രൂപ മാത്രമാണ്. അധികം നല്കിയ 10500/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1, തീ. 24.11.2018) തനത് നാടൻ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സദുദ്ദേശത്തോടുകൂടി ചെയ്തതാണെന്നും ഓഫീസ് തിരക്കിനിടയിൽ പരമാവധി പരിധി 3500/- രൂപ എന്നത് ശ്രദ്ധയിൽപ്പെട്ടില്ലായെന്നമാണ് മറുപടി നല്കിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖയിലെ പരിധി ശ്രദ്ധയിൽപെട്ടില്ലായെന്ന മറുപടി അംഗീകരിക്കാനാവില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 നാളികേര നഴ്സറി- ജില്ലാതല യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടിയ തുക ചെലവഴിച്ചു.

പ്രോജക്ട് നം. : എസ്0030/18

പ്രോജക്ടിന്റെ പേര് : നാളികേര നഴ്സറി

അടങ്കൽ : വികസന ഫണ്ട് - 50000/- രൂപ

ബ്ലോക്ക് വിഹിതം : 50000/- രൂപ

ആകെ : 100000/- രൂപ

ചെലവ് : 50000/- രൂപ (ട്രഷറി ബിൽ നം. 25, തീ. 21.03.2018 - 50000/- രൂപ)

ഈ പദ്ധതിക്കായി തൻവർഷം 1000 വിത്ത് തേങ്ങകളും 1800 കി. ഗ്രാം ചാണകവും വിതരണം ചെയ്തതിന്റെ വിലയായി ഫ്ലോറ ഗാർഡൻ എന്ന സ്ഥാപനത്തിന് മേൽ ബില്ല് പ്രകാരമുള്ള 50000/- രൂപ നല്കിയിരിക്കുന്നു. ലഭ്യമായ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സി.ഡി.എസ് ചെയർപേഴ്സൺ വിജിമോൾക്ക് കൈമാറിയതായി കാണുന്നു. ഇപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട സാധനങ്ങൾ കുടുംബശ്രീകൾക്ക് കൈമാറിയതിന്റെയോ നഴ്സറികൾ ആരംഭിച്ചതിന്റെയോ വിശദാംശം ഫയലിൽ ലഭ്യമല്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (എം.എസ്) നം. 80/2017/ത.സ്വ.ഭ.വ തീ.03.04.2017 ഖണ്ഡിക 8.1 ക്രമ നം.1 പ്രകാരം ജൈവ വളം, ജീവാണു വളം എന്നിവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ കൃഷി വകുപ്പ് നിശ്ചയിക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ആലപ്പുഴ ജില്ലാ കളക്ടറുടെ 15.05.2017-ലെ 100/2017/ഡി.പി.സി/ഡി.പി.ഒ/എ.എൽ.പി നമ്പർ നടപടിക്രമം പ്രകാരം ആലപ്പുഴ ജില്ലയുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 1കി.ഗ്രാം ചാണകത്തിന് നിശ്ചയിച്ച് നല്കിയിരിക്കുന്ന വില 7/- രൂപയാണ്. എന്നാൽ ഈ പദ്ധതി പ്രകാരം 1800 കി.ഗ്രാം ചാണകം വാങ്ങിയിരിക്കുന്നതിന് കിലോ ഗ്രാമിന് 10/- രൂപ ക്രമത്തിൽ നല്കിയിരിക്കുന്നു. ജില്ലാതലത്തിൽ നിശ്ചയിച്ച് നല്കിയ യൂണിറ്റ് കോസ്റ്റിനെ അടിസ്ഥാനപ്പെടുത്തി 1800 കി.ഗ്രാം ചാണകത്തിന് നല്കാമായിരുന്ന വില 12600/- രൂപയായിരുന്നു. അധികം നല്കിയ 5400/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1, തീ. 24.11.2018) ഉണക്കി പൊടിച്ച ജീവാണു സംപുഷ്ടമായ വളമാണ് വാങ്ങി നല്കിയിരിക്കുന്നതെന്നും ആയതിന് പ്രാദേശികമായി 12/- രൂപ മുതൽ 15/- രൂപ വരെ വിലയുണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ വിതരണക്കാരന്റെ ബില്ലിൽ "Cow dung" എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മേൽ മറുപടി സ്വീകാര്യമല്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 അംഗൻവാടിയിലേക്ക് ഫാൻ, ഗ്യാസ് സ്റ്റൗ വാങ്ങൽ- കുറഞ്ഞ നിരക്ക്

<u>അംഗീകരിച്ചില്ല -നഷ്ടം സംബന്ധിച്ച്.</u>

പ്രോജക്ട് നം. : എസ്0098/18

പ്രോജക്ടിന്റെ പേര് : അംഗൻവാടിയിലേക്ക് ഫാൻ, ഗ്യാസ് സ്റ്റൗ വാങ്ങൽ

അടങ്കൽ: വികസന ഫണ്ട് : 150000/- രൂപ

ചെലവ് : 91882/- രൂപ

(1. ട്രഷറി ബിൽ നം.14 തീ. 19.03.2018- 44,400/- രൂപ

2. ട്രഷറി ബിൽ നം.15 തീ. 24.03.2018- 44,597/- രൂപ

3. ട്രഷറി ബിൽ നം.18 തീ. 26.03.2018- 2885/- രൂപ

ആകെ - 91882/- രൂപ)

2017-18 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി മേൽ ബില്ലുകൾ പ്രകാരം ആകെ 91882/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം 23 ഫാനുകളും 30 ഗ്യാസ് സ്റ്റൗകളും വാങ്ങിയിട്ടുണ്ട്. ടെണ്ടർ മുഖേനയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

ഗ്യാസ് സ്റ്റൗവിനു വേണ്ടി സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ചിരിക്കുന്നത് ഗ്ലോബൽ ഏജൻസീസ് എന്ന സ്ഥാപനമാണ്. ഈ സ്ഥാപനം സമർപ്പിച്ച ടെണ്ടർ പ്രകാരം ഒമിക്സ് എന്ന ബ്രാന്റ് നെയിമിലുള്ള ഗ്യാസ് സ്റ്റൗവിന് 1250/- രൂപയും പ്രസ്റ്റീജ് എന്ന ബ്രാന്റ് നെയിമിലുള്ള ഗ്യാസ് സ്റ്റൗവിന് 1480/- രൂപയുമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ഒമിക്സ് എന്ന ബ്രാന്റ് ഒഴിവാക്കി പ്രസ്റ്റീജ് എന്ന ബ്രാന്റ് നെയിമിലുള്ള ഗ്യാസ് സ്റ്റൗവാണ് വാങ്ങിയിരിക്കുന്നത്. തന്മൂലം 6900/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14, തീ. 30.11.2018) മറുപടി ലഭ്യമാക്കിയില്ല. 09.11.2017 ലെ 1(1) കമ്മറ്റി തീരുമാനപ്രകാരമാണ് കുറഞ്ഞ നിരക്ക് ഒഴിവാക്കി കൂടിയ നിരക്കിലുള്ള സാധനങ്ങൾ വാങ്ങിയത്. ആയതിനാൽ ഈ കമ്മറ്റിയിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും നഷ്ട തുക തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 <u>കുടിവെള്ള ബോട്ടിലുകൾ വാങ്ങൽ- കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല -നഷ്ടം സംബന്ധിച്ച്</u>

പ്രോജക്ട് നം. : എസ് 131/18

പ്രോജക്ടിന്റെ പേര് : സ്കൂൾ വിദ്യാർത്ഥികൾക്ക് കുടിവെള്ള ബോട്ടിൽ

അടങ്കൽ : 126500/- രൂപ

ചെലവ് : 117150/- രൂപ

1. ട്രഷറി ബിൽ നം. 3/15.3.2018, 75000/-രൂപ
2. ചെക്ക് നം. 9267250/20.3.2018, 42150/- രൂപ

പഞ്ചായത്തിലെ വിവിധ സ്കൂളിലെ കുട്ടികൾക്ക് കുടിവെള്ള ബോട്ടിലുകൾ നല്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുകയും കുറഞ്ഞ തുകകൾ ക്വോട്ട് ചെയ്ത തമ്പുരാൻകാലായിൽ, കോഴഞ്ചേരി എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നല്കുകയും ചെയ്തു. ടി സ്ഥാപനം പീകോക്ക് (213/- രൂപ) പീജിയൺ (203/- രൂപ. എന്നിങ്ങനെ രണ്ട് ബ്രാന്റിലുള്ള ബോട്ടിലുകളുടെ നിരക്കാണ് ക്വോട്ട് ചെയ്തിരുന്നത്. ഇതിൽ കുറഞ്ഞതുക ക്വോട്ട് ചെയ്ത പീജിയൺ ഗുണനിലവാരം കുറവാണെന്ന് പറഞ്ഞ് 18.11.2017ലെ 3(1) തീരുമാനപ്രകാരം ഉയർന്ന നിരക്കുള്ള പീകോക്ക് ബ്രാന്റിലുള്ള 550 ബോട്ടിലുകൾ വാങ്ങുകയും ചെയ്തു. കുറഞ്ഞ നിരക്കുള്ള പീകോക്ക് ബ്രാന്റിലുള്ള ബോട്ടിൽ ഒഴിവാക്കിയതിനാൽ 550 ബോട്ടിലിന് 10 രൂപ വീതം ആകെ 5500/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16, തീ. 30.11.2018) മറുപടി ലഭ്യമാക്കിയില്ല. 18.11.2017 ലെ 3(1) കമ്മറ്റി പ്രകാരമുള്ള തീരുമാനമനുസരിച്ചാണ് കുറഞ്ഞ നിരക്കുകൾ ഒഴിവാക്കി കൂടിയ നിരക്കിലുള്ള സാധനങ്ങൾ വാങ്ങിയത്. ആയതിനാൽ 18.11.2017 ലെ കമ്മറ്റിയിൽ പങ്കെടുത്ത കമ്മറ്റി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നും നഷ്ട തുക തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 <u>വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ</u>

പ്രോജക്ട് നം. : എസ് 0094/18

പ്രോജക്ടിന്റെ പേര് : കിടാരി വിതരണം

അടങ്കൽ : വികസന ഫണ്ട് - 345336/- രൂപ

ചെലവ് : 221437/- രൂപ

1. ട്രഷറി ബിൽ നം. 5, തീ. 23.3.18, 117937/- രൂപ
2. ട്രഷറി ബിൽ നം. 6, തീ. 24.3.18, 103500/- രൂപ

കിടാരി വിതരണത്തിനായി 32 കിടാരികളെ 9250/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഇതിൽ 31 പേർ മാത്രമാണ് എസ്.സി വിഭാഗത്തിൽപെട്ടത്. ആനുകൂല്യം ലഭിച്ച രാജമ്മ, മുരളീസദനം, വാർഡ് 4 എന്ന വ്യക്തി ഗുണഭോക്തൃലിസ്റ്റ് പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപെട്ടതായി കാണുന്നു. ജനറൽ വിഭാഗം നൽകേണ്ട ഗുണഭോക്തൃവിഹിതം ഇവർ ഒടുക്കിയിട്ടുണ്ട്. എസ്. സി വിഭാഗത്തിൽപെടാത്ത ഗുണഭോക്താവിന് എസ്.സി.പി ഫണ്ട് ഉപയോഗിച്ച് ആനുകൂല്യം നല്കിയതിനാൽ ഇതിന് നല്കിയ 6937/- രൂപയുടെ (75%സബ്സിഡി) ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15, തീ. 30.11.2018) മറുപടി ലഭ്യമാക്കിയില്ല.

## 3-6 വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ -- കരാറിലേർപ്പെടാതെ തുക കൈമാറി, പ്രവൃത്തി ആരംഭിച്ചില്ല.

വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് വിവിധ പ്രോജക്ടുകൾ പ്രകാരം 8,38,436/- രൂപയുടെ പദ്ധതി തയ്യാറാക്കുകയും ഇത് കേരള സംസ്ഥാന വൈദ്യുതി ബോർഡ് മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കുന്നതിനായി തീരുമാനിക്കുകയും എസ്റ്റിമേറ്റ് തുകയിൽ നിന്ന് പദ്ധതി വിഹിതമായ 4,35,000/- രൂപ തൻവർഷം കെ.എസ്.ഇ.ബി.യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റ് തുക | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|---|
| 1 | പുനരധിവാസ കോളനി സ്ട്രീറ്റ് ലൈൻ (പ്രോജക്ട് നം.- 7/2018) | 83820 | 50,000 |
| 2 | എസ്.എ കരുനാട്ടുവെളി റോഡ് സ്ട്രീറ്റ് ലൈൻ (പ്രോജക്ട് നം.- 23/2018) | 195036 | 1,00,000 |
| 3 | എം.എൽ.എ – കരോട്ട്കടവ് റോഡ് സ്ട്രീറ്റ് ലൈൻ (പ്രോജക്ട് നം.- 77/2018) | 143160 | 85,000 |
| 4 | സെന്റ് മേരീസ് റോഡ് സ്ട്രീറ്റ് ലൈൻ (പ്രോജക്ട് നം.-78 /2018) | 89,888 | 50,000 |
| 5 | ഒറ്റപ്പുന്ന – ചിറ്റേഴത്ത് – മാച്ചേരി റോഡ് സ്ട്രീറ്റ് ലൈൻ (പ്രോജക്ട് നം.- 79/2018) | 83,880 | 50,000 |
| 6 | തൈക്കൂട്ടത്തിൽ റോഡ് സ്ട്രീറ്റ് ലൈൻ (പ്രോജക്ട് നം.- 81/2018) | 92,757 | 50,000 |
| 7 | കുരിശ്ശടി – കായൽ റോഡ് സ്ട്രീറ്റ് ലൈൻ (പ്രോജക്ട് നം.- 213/2018) | 1,49,895 | 1,00,000 |
| | | 8,38,436 | 4,35,000 |

ജില്ലാ പഞ്ചായത്ത് വിഹിതവും ചേർത്താണ് ഓരോ പ്രോജക്ടിന്റേയും അടങ്കൽ തുക നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 2017-18 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ടി പദ്ധതിയ്ക്കായി തുകയൊന്നും ലഭിച്ചിരുന്നില്ല. എന്നിരുന്നാലും പദ്ധതി

തുകയായ 4,35,000/- മാത്രം പിൻവലിച്ച് കെ.എസ്.ഇ.ബിയുടെ അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. പിന്നീട് 4.10.2018ൽ ആണ് ജില്ലാ പഞ്ചായത്ത് വിഹിതം 353436/- കെ.എസ്.ഇ.ബിയ്ക്ക് നൽകിയത്. പ്ലാൻ ഫണ്ട് പിൻവലിച്ച് നൽകുന്നതിന് മുന്നോടിയായോ ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറിയ സമയത്തോ കെ.എസ്.ഇ.ബി.യുമായി കരാർ ഒപ്പുവെച്ചിട്ടില്ല. കരാർ ചമയ്ക്കാത്തതിനാൽ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത ടി പ്രവൃത്തികൾ എപ്പോൾ തുടങ്ങുമെന്നോ പൂർത്തിയാക്കുമെന്നോ വ്യക്തമല്ല. നിയമാനുസൃതം കരാർ ചമയ്ക്കാതെ ഇത്രയധികം തുക മേൽ ഏജൻസികൾക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. കരാർ ചമയ്ക്കുന്നതിനായി മുദ്രപത്രം വാങ്ങിയിട്ടുണ്ടെന്നും വൈദ്യുതി ബോർഡുമായി കരാറിലേർപ്പെട്ട് പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് എൻക്വയറിയ്ക്ക് മറപടി നൽകിയത്. നിയമാനുസൃതം കരാറിലേർപ്പെടാത്തതിനാലും പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലും പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് വൈദ്യുത ബോർഡിന് നൽകിയ 4,35,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എത്രയുംവേഗം കെ.എസ്.ഇ.ബി-യുമായി കരാർ ചമച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിച്ച് ധനവിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

## 3-7 സാന്ത്വന പരിചരണ പദ്ധതി -- വിതരണം ചെയ്യാത്ത മരുന്നിന്റെ വില തടസ്സപ്പെടുത്തുന്നു.

സാന്ത്വന പരിചരണ പദ്ധതി (പ്രോജക്ട് നം. 63/2018), ജീവിതശൈലി രോഗ ക്ലിനിക് നടത്തിപ്പ് (പ്രോജക്ട് നം. 66/2018) എന്നീ പദ്ധതികൾക്കായി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് താഴെപറയും പ്രകാരം 6,01,073/- രൂപ നൽകിയിടിട്ടുണ്ട്. എന്നാൽ നാളിതുവരെ 4,41,135/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊഫോർമ ഇൻവോയ്സ് നം. | ഇൻവോയ്സ് പ്രകാരം നൽകിയ തുക | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|
| 1 | PRF673/ 13.9.2017 | 69568 | 13976 |
| 2 | PRF990/ 28.9.2017 | 1,00,000 | 12881 |
| 3 | PRF991/ 28.9.2017 | 208463 | 34761 |
| 4 | PRF965/ 8.1.2018 | 5167 | 5167 |
| 5 | PRF1683/ 9.3.2018 | 2085 | 2085 |
| 6 | PRF1684/ 9.3.2018 | 6690 | 0 |
| 7 | PRF3483/ 8.1.2018 | 84675 | 72359 |
| 8 | PRF4789/ 9.3.2018 | 95584 | 9951 |
| 9 | PRF4791/ 9.3.2018 | 28841 | 17758 |
| | | 6,01,073 | 1,68,938 |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഇനിയും ലഭിക്കുവാനുള്ള മരുന്നുകളുടെ വിലയായ 1,68,938/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെ.എം.എസ്.സി-യിൽ നിന്നും ശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നമുറയ്ക്ക് ആയതിന്റെ ഇൻവോയ്സുകളും സ്റ്റോക്ക് വിതരണ രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ -- ചെലവ് തുക തടസ്സപ്പെടുത്തുന്നു

തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം. 135/2018) പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 2,33,475/- രൂപ (ബിൽ നമ്പർ - 38/2017-18/31.3.2018) ചെലവഴിച്ച് 40 വാട്ടിന്റെ 200 എണ്ണം സിംഗിൾ ട്യൂബ് സെറ്റുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും കൃത്യമായ വിതരണ വിവരമോ സ്ഥാപിച്ചതു സംബന്ധിച്ച വിശദാംശങ്ങളോ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. മേൽ പദ്ധതി പ്രകാരം വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും

സ്ഥാപിച്ച് കഴിയുന്നമുറയ്ക്ക് വൈദ്യുതി ബോർഡിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാമെന്നാണെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. മറുപടി അംഗീകരിക്കുന്നു. തെരുവ് വിളക്ക് ഉപകരണങ്ങൾ യഥാസമയം സ്ഥാപിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 വ്യക്തികൾക്ക് തെങ്ങ് കയറ്റ യന്ത്രം -സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധം.

പ്രോജക്റ്റ് നം. - എസ്0049/18

പ്രോജക്ടിന്റെ പേര് - തെങ്ങ് കയറ്റ യന്ത്രം

അടങ്കൽ - വികസന ഫണ്ട് - 31250/- രൂപ

ഗുണഭോക്തൃ വിഹിതം - 31250/- രൂപ

ആകെ - 62500/- രൂപ

ചെലവ് - 2900/- രൂപ

(1. ട്രഷറി ബിൽ നം.20, തീ. 13.03.2018- 1450/- രൂപ

2. ട്രഷറി ബിൽ നം.35, തീ. 21.03.2018- 1450/- രൂപ

ആകെ - 2900/- രൂപ)

ഈ പദ്ധതി പ്രകാരം തൻവർഷം 2 പേർക്ക് തെങ്ങ് കയറ്റ യന്ത്രം വാങ്ങി നല്കുന്നതിനായി 2900/- രൂപ ചലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം. 80/2017/ത.സ്വ.ഭ.വ, തീ. 03.04.2017 ഖണ്ഡിക 8.1, ക്രമ നം.7 പ്രകാരം തെങ്ങിൽ കയറാനുള്ള യന്ത്രം സമിതികൾക്കും സംഘങ്ങൾക്കും മാത്രം നല്കാനാണ് അനുവാദമുള്ളത്. വ്യക്തികൾക്ക് നല്കാൻ പാടില്ലായെന്ന് മാനദണ്ഡത്തിൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. എന്നാൽ തൻവർഷം ഈ പദ്ധതി പ്രകാരം ആനുകൂല്യം നല്കിയിട്ടുള്ളത് താഴെപ്പറയുന്ന വ്യക്തികൾക്കാണെന്ന് കാണുന്നു.

1. സുധിമോൻ, സാന്ദ്രാ നിവാസ്,പള്ളിപ്പുറം
2. ഗിരിജ, പനവേലിൽ, തിരുനല്ലൂർ

സബ്സിഡി മാനദണ്ഡത്തിന് വിരുദ്ധമായി തുക ചെലവഴിക്കാനുണ്ടായ സാഹചര്യം ഓഡിറ്റിൽ വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഈ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ വ്യക്തികൾ മാത്രമാണ് ഉൾപ്പെട്ടിരുന്നതെന്നും നൂറ്റി എൺപത് ഹെക്ടറോളം വിസ്തൃതിയിൽ തെങ്ങ് കൃഷി നടക്കുന്ന പഞ്ചായത്തിൽ തെങ്ങ് കയറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവുണ്ടെന്നും ടി തൊഴിലാളികൾ യന്ത്ര സഹായത്തോടെയുള്ള തെങ്ങു കയറ്റത്തിൽ പരിശീലനം സിദ്ധിച്ചവരാണെന്നും ടി യന്ത്രം മൂലം നിലവിൽ അവർക്ക് വരുമാനം ലഭിച്ചു കൊണ്ടിരിക്കുന്നുണ്ടെന്നും മറുപടി അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ബാരൽ വില ഈടാക്കിയില്ല-പഞ്ചായത്തിന് നഷ്ടം.

2017-18 സാമ്പത്തിക വർഷം ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty steel drum of 450mm dia 1.2m high-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയായി 238/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കോൺട്രാക്ടറുടെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ് ട്രഷറി ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | 52/18 – ഒറ്റപ്പുന്ന മാച്ചേരി റോഡ് ടാറിംഗ് | അനിൽ കുമാർ | 18 ബാരൽ | 4284 | 456430/-, 75/12.2.18 |
| 2 | 38/18 – പ്രതീക്ഷ കവല മേനാംകാട്ടിൽ റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 7 ബാരൽ | 1666 | 192405/-, 74/8.2.18 |
| 3 | 39/18 – കുഞ്ഞിക്കവല-ഉമ്പേപ്പറമ്പ് റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 12 ബാരൽ | 2856 | 319763/-, 68/15.1.18 |
| 4 | 45/18 – പുറത്തേൽ-എം.എൽ.എ റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 14 ബാരൽ | 3332 | 433403/-, 79/26.2.18 |
| 5 | 36/18 – കാക്കരപ്പറമ്പ് കാക്കരച്ചിറ റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 6 ബാരൽ | 1428 | 341435/-, 91/3.3.18 |
| 6 | 32/18 – ആറാട്ടുകളം കടമ്പനാകുളങ്ങര റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 7 ബാരൽ | 1666 | 258625/-, 90/28.2.18 |
| 7 | 27/18 – കാമച്ചേരി മൂന്നുതോട് റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 14 ബാരൽ | 3332 | 431691/-, 88/28.2.18 |
| 8 | 47/18 – എം.എൽ.എ റോഡ് കരോണ്ടു കടവ് റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 15 ബാരൽ | 3570 | 465913/-, 87/28.2.18 |
| 9 | 42/18 – ചക്കുകേരി ചാത്തമംഗലം റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 9 ബാരൽ | 2142 | 268731/-, 63/15.1.18 |
| 10 | 43/18 – ഐ.എച്ച്.എം കോൺവെന്റ് റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 13 ബാരൽ | 3094 | 354985/-, 62/15.1.18 |
| 11 | 27/18 – കല്ലാപ്പുറം റോഡ് ടാറിംഗ് | ജെ.തങ്കച്ചൻ | 8 ബാരൽ | 1904 | 261897/-, 78/26.2.18 |

| | | | | | |
|---|---|---|---|---|---|
| 12 | 208/18 – തോട്ടത്തിൽ എം.എൽ.എ റോഡ് ടാറിംഗ് | മാത്യു.റ്റി.യു | 12 ബാരൽ | 2856 | 364313/-, 81/26.2.18 |
| 13 | 204/18 – ഭക്തിമാർഗ്ഗം നെടുംചിറ റോഡ് ടാറിംഗ് | മാത്യു.റ്റി.യു | 13 ബാരൽ | 3094 | 429300/-, 80/26.2.18 |
| 14 | 207/18 – പത്മപുരം കായൽ റോഡ് മെറ്റലിംഗ് & ടാറിംഗ് | സാബു.പി.എൽ | 9 ബാരൽ | 2142 | 349817/-, 67/15.1.18 |
| 15 | 205/18 – എസ്.എ റോഡ് കരീമഠം റോഡ് ടാറിംഗ് | സാബു.പി.എൽ | 6 ബാരൽ | 1428 | 318502/-, 76/12.2.18 |
| 16 | 206/18 – മുട്ടേപ്പറമ്പ് സെന്റ് ജോസഫ് ചർച്ച് റോഡ് ടാറിംഗ് | സാബു.പി.എൽ | 8 ബാരൽ | 1904 | 424801/-, 66/15.1.18 |
| 17 | 37/18 – സെന്റ് മേരീസ് ഭജനശാലപ്പറമ്പ് റോഡ് ടാറിംഗ് | പങ്കജാക്ഷൻ പിള്ള | 12 ബാരൽ | 2856 | 251132/-, 92/21.3.18 |
| 18 | 33/18 – കൃഷിഭവൻ പൈനുങ്കൽ റോഡ് ടാറിംഗ് | പങ്കജാക്ഷൻ പിള്ള | 5 ബാരൽ | 1190 | 283422/-, 84/26.2.18 |
| 19 | 34/18 – പി.എസ്.എച്ച്.എസ് ശാസ്താംകുളം റോഡ് ടാറിംഗ് | പങ്കജാക്ഷൻ പിള്ള | 10 ബാരൽ | 2380 | 344432/-, 93/21.3.18 |
| 20 | 31/18 – പള്ളിച്ചന്ത അംഗൻവാടി-കറുപ്പാട്ടി റോഡ് ടാറിംഗ് | പങ്കജാക്ഷൻ പിള്ള | 5 ബാരൽ | 1190 | 256942/-, 85/26.2.18 |
| | | ആകെ | | 48314 | |

മേൽ പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 48,314/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7, തീ. 28.11.2018) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്ത കരാറുകാരനിൽ നിന്നും-ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD, dated : 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവർത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് തപാലിൽ അയച്ച തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. അതിനു ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. ചെന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ

2017-18 സാമ്പത്തിക വർഷം യഥാസമയം കരാറിൽ ഏർപ്പെടാതിരുന്ന പങ്കജാക്ഷൻ പിള്ള എന്ന കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ ഈടാക്കിയതായി കാണുന്നില്ല.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 31/18 |
| പ്രോജക്ടിന്റെ പേര് | : | പള്ളിച്ചന്ത അംഗൻവാടി-കറുപ്പാട്ടി റോഡ് ടാറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ. പങ്കജാക്ഷൻ പിള്ള |
| എഗ്രീഡ് പി.എ.സി | : | 256942/- രൂപ |
| ചെലവ് | | 256942/- (ട്രഷറി ബിൽ നം. 85, തീ. 26.2.18) |
| എഗ്രിമെന്റ് നം. | : | 18/AE/LSGD/CPP/17-18 തീ.07.11.2017 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 256942x1% =2569/- രൂപ |

| | | |
|---|---|---|
| 2.പ്രോജക്ട് നം. | : | 34/18 |
| പ്രോജക്ടിന്റെ പേര് | : | പി.എസ്.എച്ച്.എസ് ശാസ്താംകുളം റോഡ് ടാറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ. പങ്കജാക്ഷൻ പിള്ള |
| എഗ്രീഡ് പി.എ.സി | : | 313164.96 രൂപ |
| ചെലവ് | | 344432/- (ട്രഷറി ബിൽ നം. 93, തീ.21.3.18) |
| എഗ്രിമെന്റ് നം. | : | 20/AE/LSGD/CPP/17-18 തീ.07.11.2017 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 313164x1% =3132/- രൂപ |

| | | |
|---|---|---|
| 3.പ്രോജക്ട് നം. | : | 33/18 |
| പ്രോജക്ടിന്റെ പേര് | : | കൃഷിഭവൻ പൈനുങ്കൽ റോഡ് ടാറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ. പങ്കജാക്ഷൻ പിള്ള |
| എഗ്രീഡ് പി.എ.സി | : | 283421.84 രൂപ |
| ചെലവ് | | 283422/- (ട്രഷറി ബിൽ നം.84, തീ.26.2.18) |
| എഗ്രിമെന്റ് നം. | : | 19/AE/LSGD/CPP/17-18 തീ.07.11.2017 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 283421.84x1% =2834/- രൂപ |

മേൽ പ്രവർത്തികളുടെ നിർവ്വഹണം നടത്തുന്നതിന് കരാറുകാരനെ തെരഞ്ഞെടുത്തതായി അറിയിച്ചു കൊണ്ടുള്ള സെലക്ഷൻ നോട്ടീസ് തീയതി 19.10.2017 ആണ്. നിയമാനുസൃതം കരാറിലേർപ്പെടുന്നതിനുള്ള സമയ പരിധി സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് തപാലിൽ അയച്ച തീയതി മുതൽ 14 ദിവസം ആണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് തപാലിൽ അയച്ചതായുള്ള രേഖകളൊന്നും ഓഡിറ്റിൽ ഹാജരാക്കിയില്ല. ആയതിനാൽ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറിലേർപ്പെടേണ്ടതായിരുന്നു. അതായത് 02.11.2017ന് മുൻപായി കരാറിലേർപ്പെടേണ്ടതായിരുന്നു. എന്നാൽ മേൽ പ്രവർത്തികളുടെയെല്ലാം കരാറിലേർപ്പെട്ടിരിക്കുന്നത് 07.11.2017-ൽ മാത്രമാണ്. യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 8535/- രൂപ നഷ്ടപ്പെട്ടു. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7, തീ. 28.11.2018) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 157250 | നെൽകൃഷിക്ക് കൂലിച്ചിലവ് സബ്സിഡി | 125313 | 31937 |
| ബ്ലോക്ക് പഞ്ചായത്ത് | 87500 | പച്ചക്കറികൃഷി കൂലിച്ചിലവ് സബ്സിഡി | 35000 | 52500 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | സാന്ത്വന പരിചരണ പരിപാടി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | പാലിന് സബ്സിഡി | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 29800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (സ്പിൽ ഓവർ) | 29800 | 0 |
| ജില്ലാ പഞ്ചായത്ത് | 650000 | വൈദ്യുതി ലൈൻ നീട്ടൽ | 650000 | |
| | 2624550 | | 2540113 | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| കെ. എസ്. ഇ. ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 435000 | 435000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | നം.747/2010/ എൽ.എസ്.ജി.ഡി/ തീ. 05.03.2010 | 15145500 | 2103020 | 2103020 | ബാധകമല്ല | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 45455/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തീയതി |
|---|---|---|---|---|
| 2016-17 | 13(2), 14(2) | 12581 | മനീഷ്. പി. എസ്സ്, കോൺട്രാക്ടർ | 11703010121, തീയതി : 10.08.2017 |
| 2016-17 | 3(5), 3 | 5750 | നൈസി ബെന്നി, വാർഡ് മെമ്പർ | 117030101613, തീയതി : 28.09.2017 |
| 2016-17 | 3-4 | 27124 | നൈസി ബെന്നി, വാർഡ് മെമ്പർ | 117030101613 തീയതി : 28.09.2017 |
| | ആകെ | 45455 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം –

--ഇല്ല--

## 4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക | സർട്ടിഫിക്കറ്റ് നം. തീയതി | അടച്ച തുക | ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1998-99, ഖണ്ഡിക : 20 | എസ്. എസ്. ബീന, കൃഷി ഓഫീസർ | 90,000/- | LF-6140/Spl. cell/SC3/2003, Dt. 12.04.2014 | | 90,000/- |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70797233 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67685375 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 97643 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 837413 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10500 | ഡി. ശിവദാസൻ, കൃഷി ഓഫീസർ |
| 3-2 | | 5400 | ആശാ. എ. നായർ, കൃഷി ഓഫീസർ |
| 3-3 | | 6900 | 432/- രൂപ വീതം 16 കമ്മറ്റി അംഗങ്ങളിൽ നിന്ന് (ലിസ്റ്റ് അനുബന്ധം – 3 ആയി ചേർത്തിട്ടുണ്ട്) |
| 3-4 | | 5500 | 550/- രൂപ വീതം 10 കമ്മറ്റി അംഗങ്ങളിൽ നിന്ന് (ലിസ്റ്റ് അനുബന്ധം – 3 ആയി ചേർത്തിട്ടുണ്ട്) |
| 3-5 | | 6937 | ഡോ. ജിയോ, വെറ്ററിനറി സർജൻ |
| 3-10 | | 48314 | എലിസബത്ത്. സി. എക്സ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 8535 | എലിസബത്ത്. സി. എക്സ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 97643 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 435000 | പി. സാബു, സെക്രട്ടറി |
| 3-7 | 168938 | അഞ്ജു. എം. എസ്, മെഡിക്കൽ ഓഫീസർ - പിഎച്ച് സി |
| 3-8 | 233475 | പി. സാബു, സെക്രട്ടറി |
| ആകെ | 837413 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി. സാബു, സെക്രട്ടറി | വിരമിച്ചു | വേഴക്കാട്ട്, സിഎംസി – 17, ചേർത്തല |
| എലിസബത്ത്. സി. എക്സ്, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി. സെക്ഷൻ, പള്ളിപ്പുറം. പി. ഒ , ചേർത്തല | പുളിച്ചുമാക്കൽ, മുണ്ടംവേലി. പി. ഒ, കൊച്ചി |
| ഡി. ശിവദാസൻ, കൃഷി ഓഫീസർ | വിരമിച്ചു | മാളവിക, പാണാവള്ളി. പി. ഒ, ചേർത്തല |
| ആശാ. എ. നായർ | കൃഷിഭവൻ, പള്ളിപ്പുറം | ആശാഭവൻ , വെസ്റ്റ് ഗേറ്റ് വൈക്കം, കോട്ടയം |
| അഞ്ജു. എം. എസ്, മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ലഭ്യമാക്കിയില്ല | അഞ്ജു ഭവൻ, ആർ സി സ്ട്രീറ്റ്, കല്ലുവിള , നെയ്യാറ്റിൻകര |
| ഡോ. ജിയോ, വെറ്ററിനറി സർജൻ | വെറ്ററിനറി ആശുപത്രി, ചേന്നം പള്ളിപ്പുറം | തോട്ടുപുറത്ത്, ഉദയനാപുരം. പി. ഒ, വൈക്കം |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2005-06 വരെ | എൽ .എഫ്.ജി.എ 5 -1832/11, തീയതി : 20-01-12 |
| 2006-07 | എൽ .എഫ്..എ16-943/10, തീയതി : 18-03-11/31-03-11 |
| 2007-08 | എൽ .എഫ്..എ16-944/10, തീയതി : 18-03-11/31-03-11 |
| 2008-09 | എൽ .എഫ്.എ.പി-9- 1340/11, തീയതി : 18-4-11/03-07-12 |
| 2009-10 | എൽ .എഫ്.എ.പി-9- 1341/11, തീയതി : 18-4-11/03-07-12 |
| 2010-11 &11-12 | എൽ .എഫ്.എ.പി-9- 20/13, തീയതി : 18-02-13/26-06-13 |
| 2012-13 | എൽ .എഫ്.എ.പി-9- 140/13, തീയതി : 01-09-14 |
| 2013-14 | കെ.എസ്.എ. എ.എൽ.പി പി9-1570/15, തീയതി : 11.12.15/30.12.15 |
| 2014-15 | കെ.എസ്.എ. എ.എൽ.പി പി9- 817/2016, തീയതി : 27-7-16 |
| 2015-16 | കെ.എസ്.എ. എ.എൽ.പി പി9- 306/16, തീയതി : 08-12-16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി.9/1016/2017, തീയതി : 28.07.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
..
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

# അനുബന്ധം - 1

നം. കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(60)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 06.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം - 2</u>

<table>
<tr><td>1.</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2.</td><td>ഇൻകം & എക്സ്പെൻഡിച്ചർ</td></tr>
<tr><td>3.</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

## അനുബന്ധം - 3

**09.11.2017** ലെ യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | വാർഡിന്റെ പേര് | അംഗത്തിന്റെ പേരും മേൽവിലാസവും |
|---|---|---|---|
| 1 | 1 | പനയ്ക്കൽ ക്ഷേത്രം | ശ്രീ. ടോമി ഉലഹന്നാൻ, തൈയ്ക്കാട്ട്,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 2 | 2 | കടമ്പനാകുളങ്ങര | ശ്രീമതി. സുമ വിമൽറോയ്, കമ്പളങ്ങിവെളി,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 3 | 3 | കളത്തിൽ ക്ഷേത്രം | ശ്രീ. മണിക്കുട്ടൻ, മണപ്പള്ളി,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 4 | 4 | കൃഷി ഭവൻ | ശ്രീമതി. ജ്യോതിശ്രീ, വടക്കേച്ചിറയിൽ,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 5 | 5 | കടവിൽ ഭഗവതി ക്ഷേത്രം | ശ്രീമതി. ഉഷാ മനോജ്, ശരത് നിവാസ്,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 6 | 6 | വില്ലേജ് ഓഫീസ് | ശ്രീമതി. നൈസി ബെന്നി, വടക്കേപെരുംമ്പള്ളി,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 7 | 7 | കോളേജ് | ശ്രീമതി. മിനിമോൾ സുരേന്ദ്രൻ, കൈതക്കുഴിയിൽ,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 8 | 8 | വടക്കുംകര ക്ഷേത്രം | ശ്രീമതി. പ്രസീത വിനോദ്, കൈതക്കുട്ടത്തിൽ,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 9 | 9 | സെ. ജോസഫ്സ് ചർച്ച് | ശ്രീ. പി. ജി. മോഹനൻ, പുത്തൻപുരയ്ക്കൽ,<br>കെ. ആർ. പുരം. പി. ഒ, ചേർത്തല |
| 10 | 10 | ഗോവിന്ദപുരം | ശ്രീ. ടി. കെ. ശശികല, നികർത്തിൽ വീട്,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |

| | | | |
|---|---|---|---|
| 11 | 11 | കല്ലറത്തറ | ശ്രീ. പി. ആർ. ഹരിക്കുട്ടൻ, ആഞ്ഞിലിപ്പറമ്പിൽ,<br>കെ. ആർ. പുരം. പി. ഒ, ചേർത്തല |
| 12 | 13 | തിരുനല്ലൂർ | ശ്രീ. ബാബു. കെ. എസ്, കറുകടത്തിൽ വീട്,<br>തിരുനല്ലൂർ. പി. ഒ, ചേർത്തല |
| 13 | 14 | പള്ളാത്തറ | ശ്രീമതി. സജിമോൾ മഹേഷ്, കൊഞ്ഞയിൽ,<br>കെ. ആർ. പുരം. പി. ഒ, ചേർത്തല |
| 14 | 15 | പത്മപുരം | ശ്രീമതി. മഞ്ജു സുധീർ, വെളിയംപറമ്പിൽ,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല |
| 15 | 16 | വെള്ളിമുറ്റം | ശ്രീ. കെ. കെ. രമേശൻ, കൊച്ചുവെളി വീട്,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല |
| 16 | 17 | പല്ലുവേലി ഭാഗം | ശ്രീമതി. ഷിൽജ സലിം, പീടികപ്പറമ്പ്,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല |

18.11.2017 ലെ യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | വാർഡിന്റെ പേര് | അംഗത്തിന്റെ പേരും മേൽവിലാസവും |
|---|---|---|---|
| 1 | 1 | പനയ്ക്കൽ ക്ഷേത്രം | ശ്രീ. ടോമി ഉലഹന്നാൻ, തൈയ്ക്കാട്ട്,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 2 | 3 | കളത്തിൽ ക്ഷേത്രം | ശ്രീ. മണിക്കുട്ടൻ, മണപ്പള്ളി,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 3 | 5 | കടവിൽ ഭഗവതി ക്ഷേത്രം | ശ്രീമതി. ഉഷാ മനോജ്, ശരത് നിവാസ്,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 4 | 7 | കോളേജ് | ശ്രീമതി. മിനിമോൾ സുരേന്ദ്രൻ,<br>കൈതക്കുഴിയിൽ, പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 5 | 8 | വടക്കുംകര ക്ഷേത്രം | ശ്രീമതി. പ്രസീത വിനോദ്,<br>കൈതക്കുട്ടത്തിൽ, പള്ളിപ്പുറം. പി. ഒ, ചേർത്തല. |
| 6 | 9 | സെ. ജോസഫ്സ് ചർച്ച് | ശ്രീ. പി. ജി. മോഹനൻ, പുത്തൻപുരയ്ക്കൽ,<br>കെ. ആർ. പുരം. പി. ഒ, ചേർത്തല |

| | | | |
|---|---|---|---|
| 7 | 12 | വിളക്കമരം | ശ്രീ. പി. സി. സിനിമോൻ, പുതുവൽ നികർത്ത്,<br>കെ. ആർ. പുരം. പി. ഒ, ചേർത്തല |
| 8 | 14 | പള്ളാത്തറ | ശ്രീമതി. സജിമോൾ മഹേഷ്, കൊഞ്ഞയിൽ,<br>കെ. ആർ. പുരം. പി. ഒ, ചേർത്തല |
| 9 | 16 | വെള്ളിമുറ്റം | ശ്രീ. കെ. കെ. രമേശൻ, കൊച്ചുവെളി വീട്,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല |
| 10 | 17 | പല്ലുവേലി ഭാഗം | ശ്രീമതി. ഷിൽജ സലിം, പീടികപ്പറമ്പ്,<br>പള്ളിപ്പുറം. പി. ഒ, ചേർത്തല |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ